(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**നിയമനിർമ്മാണകാര്യം**

(1) 2015 ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ

മി.സ്പീക്കർ : അങ്ങേയ്ക്ക് 2015 ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഞാൻ 2015 ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി.സ്പീക്കർ</u> : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗര കാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ഇൻഡ്യയിൽത്തന്നെ ആദ്യമായിട്ടാണ് ഇങ്ങനെയൊരു ബിൽ ഒരു സംസ്ഥാനത്ത് അവതരിപ്പിക്കുന്നത്. കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി ഇതിനുവേണ്ടി പ്രവർത്തിക്കുകയായിരുന്നു. കുറേ ദിവസമായി കുറെ കാര്യങ്ങൾ പഠിച്ചിട്ടുണ്ട്. പക്ഷെ ഈ ബഹളത്തിനിടയിൽ ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. എന്റെ പ്രസംഗം മേശപ്പുറത്ത് വയ്ക്കുന്നു. (അനുബന്ധമായി ചേർത്തിട്ടുണ്ട്)

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ നിരാകരണ പ്രമേയം അവതരിപ്പിച്ചില്ല)

<u>മി. സ്പീക്കർ</u> : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങേയ്ക്ക് 2015 - ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) സംബന്ധിച്ച ബില്ലിന്റെ 1(എ) ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ,

2015 - ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>മി.സ്പീക്കർ</u> : ശ്രീ. കെ.എൻ.എ. ഖാദർ അങ്ങേയ്ക്ക് 2015 - ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) സംബന്ധിച്ച ബില്ലിന്റെ 2(b) ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ,

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നഗര കാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങ് അവതരിപ്പിച്ച 1(എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങ് അവതരിപ്പിച്ച 2(ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: പ്രസ് ചെയ്യുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 2(ബി) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുതാഴെ നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**(2) 2015-ലെ മുന്നോക്കവിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ മുന്നോക്കവിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കു

വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.കെ.പി.മോഹനൻ): സർ, ഞാൻ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ്. നമ്മുടെ സ്റ്റേറ്റിലെ 26 ശതമാനം വരുന്ന മുന്നോക്ക വിഭാഗത്തിലെ ജനങ്ങൾക്ക് നിലവിൽ ഒരു പ്രത്യേക പരിഗണനയും ലഭിക്കുന്നില്ല. ഇവിടെ പിന്നോക്ക വിഭാഗങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കുമായി പലവിധത്തിലുള്ള സ്കീമുകളുണ്ട്. സംസ്ഥാനത്തെ 26 ശതമാനം വരുന്ന മുന്നോക്ക വിഭാഗത്തിൽ നല്ലൊരു പങ്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. മുന്നോക്ക വിഭാഗത്തിലെ പിന്നോക്കക്കാർക്ക് പ്രയോജനകരമായ പരിപാടികൾ കൊണ്ടുവരുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവന്നിരുന്നു. അത് നിയമമാക്കി മാറ്റാനാഗ്രഹിക്കുന്നു. അതിന് വേണ്ടിയുള്ള ബിൽ

അവതരിപ്പിക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ നിരാകരണ പ്രമേയം അവതരിപ്പിച്ചില്ല)

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് നോട്ടീസ് നൽകിയിട്ടുള്ള 130 പ്രകാരമുള്ള ഉപക്ഷേപം മറ്റൊരു ദിവസത്തേയ്ക്ക് മാറ്റുന്നു.

ഓർഡർ.......... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 4-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 11.27-ന് പിരിഞ്ഞു.)

*******